215

ഭാരത സർക്കാർ

നിയമ മന്ത്രാലയം

# 1897-ലെ ദുർഗുണപരിഹാരപാഠശാല ആക്റ്റ്

(1897-ലെ 8-ാം ആക്റ്റ്)

(1988 മാർച്ച് 1-ാം തീയതി നിലവിലിരുന്നപ്രകാരം)

# The Reformatory Schools Act, 1897

**(Act No. 8 of 1897)**

(As on 1st March, 1988)

വില:

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.
1988

# ആമുഖം

1988 മാർച്ച് 1-ാം തീയതി നിലവിലിരുന്നപ്രകാരമുള്ള 1897-ലെ ദുർഗുണപരിഹാര പാഠശാല ആക്റ്റിന്റെ (1897-ലെ 8-ാം ആക്റ്റ്) മലയാളത്തിലെ ആധികാരിക പരിഭാഷ ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1988 ആഗസ്റ്റ് 2-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം 1-ാം നമ്പരായി 1 മുതൽ 10 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

മലയാളത്തിലെ ഈ ആധികാരിക പരിഭാഷ 1973-ലെ ആധികാരികപാഠം (കേന്ദ്ര നിയമങ്ങൾ) ആക്റ്റ് 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പരിഭാഷയായിത്തീരുകയും ചെയ്തു.

ന്യൂ ഡൽഹി,
2-8-1988.

എസ്. രാമയ്യ,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

# PREFACE

This edition of the Reformatory Schools Act, 1897 (Act 8 of 1897) as on 1st March, 1988 contains the authorised translation of that Act in Malayalam ,and the same was published in the Gazette of India Extraordinary Part XI section I Vol. I No. I dated 2nd August, 1988 on pages 1 to 10.

This authorised translation in Malayalam was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973, and on such publication it became the authorised translation of the Act in Malayalam.

S. RAMAIAH,
*Secretary to the Government of India.*

New Delhi,
2-8-1988.

S/3295/J.

# 1897-ലെ ദുർഗുണപരിഹാരപാഠശാല ആക്റ്റ്

## വകുപ്പുകളുടെ വിന്യാസം


| വകുപ്പുകൾ | | പേജ |
|---|---|---|
| **I പ്രാരംഭം** | | |
| 1. | പേരും വ്യാപ്തിയും .. | 1 |
| 2. | റദ്ദാക്കി .. | 1 |
| 3. | റദ്ദാക്കി .. | 1 |
| 4. | നിർവ്വചനങ്ങൾ .. | 1 |
| **II ദുർഗുണപരിഹാര പാഠശാലകൾ** | | |
| 5. | ദുർഗുണപരിഹാര പാഠശാലകൾ സ്ഥാപിക്കുന്നതിനും നിറുത്തലാക്കുന്നതിനും ഉള്ള അധികാരം .. | 2 |
| 6. | പാഠശാലകളിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ .. | 2 |
| 7. | ദുർഗുണപരിഹാരപാഠശാലകളുടെ പരിശോധന .. | 2 |
| 8. | ചെറുപ്പക്കാരായ കുററവാളികളെ ദുർഗുണപരിഹാരപാഠശാലയിൽ അയക്കണമെന്ന് നിർദ്ദേശിക്കാൻ കോടതിക്കുള്ള അധികാരം .. | 3 |
| 9. | 8-ാംവകുപ്പു പ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ മജിസ്ട്രേട്ടിനെ അധി കാരപ്പെടുത്തിയിട്ടില്ലാത്തിടത്തുള്ള നടപടിക്രമം .. | 3 |
| 10. | തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ട പതിനഞ്ചു വയസ്സിനു താഴെയുള്ള ആൺകുട്ടികളെ ദുർഗുണപരിഹാരപാഠശാലയിൽ അയക്കണമെന്ന് നിർദ്ദേശിക്കാൻ മജിസ്ട്രേട്ടിനുള്ള അധികാരം .. | 3 |
| 11. | ചെറുപ്പക്കാരനായ കുററവാളിയുടെ വയസ്സ് സംബന്ധിച്ച പ്രാരംഭാന്വേഷണവും തീരുമാനവും .. | 4 |
| 12. | അങ്ങനെയുള്ള കുററവാളികളെ ഏതു ദുർഗുണപരിഹാര പാഠശാലയിലാണ് അയക്കേണ്ടതെന്ന് സർക്കാർ തീരുമാനിക്കണമെന്ന് .. | 4 |
| 13. | പതിനെട്ടു വയസ്സിനുമേൽ പ്രായമുള്ളതായി കാണുന്ന ആളുകളെ ദുർഗുണപരിഹാരപാഠശാലയിൽ പാർപ്പിക്കാൻ പാടില്ലെന്ന് .. | 4 |
| 14. | സർക്കാർ ഉത്തരവുവഴി പറഞ്ഞുവിടുകയോ മറെറാരു പാഠശാലയിലേക്ക് മാററുകയോ ചെയ്യൽ .. | 5 |
| 15. | സംസ്ഥാനങ്ങൾ തമ്മിലുള്ള ഉടമ്പടി .. | 5 |
| 16. | ചില ഉത്തരവുകൾ അപ്പീലിനോ റിവിഷനോ വിധേയമല്ലെന്ന് .. | 55 |
| **III ദുർഗുണപരിഹാരപാഠശാലകളുടെ നടത്തിപ്പ്** | | |
| 17. | സൂപ്രണ്ടിൻെറയും സന്ദർശകസമിതിയുടെയും മാനേജ്മെൻറ് ബോർഡിൻെറയും നിയമനം .. | 5 |
| 18. | സൂപ്രണ്ടിന് ചെറുപ്പക്കാരായ കുററവാളികളെ തൊഴിൽ ഉടമകളുടെപക്കൽ അയക്കാൻ ലൈസൻസ് കൊടുക്കാമെന്ന് .. | 6 |
| 19. | ലൈസൻസ് റദ്ദാക്കൽ .. | 6 |
| 20. | ലൈസൻസ് അവസാനിക്കൽ .. | 6 |
| 21 | മോശമായി പെരുമാറുന്നിടത്ത് ലൈസൻസ് റദ്ദാക്കൽ .. | 6 |
| 22. | (1) സൂപ്രണ്ടിനെ ചെറുപ്പക്കാരായ കുററവാളികളുടെ രക്ഷാകർത്താവായി കരുതണമെന്ന് .. | 6 |
| | (2) ചെറുപ്പക്കാരനായ കുററവാളിയെ അപ്രൻറീസാക്കാനുള്ള അധികാരം .. | 6 |
| 23. | സന്ദർശക കമ്മിററിയുടെ കർത്തവ്യങ്ങൾ .. | 7 |
| 24. | മാനേജ്മെൻറ് ബോർഡിൻെറ അധികാരങ്ങൾ .. | 7 |
| 25. | പാഠശാലയുടെ ട്രസ്ററികളേയും മററ് മാനേജർമാരേയും മാനേജ്മെൻറ് ബോർഡായി നിയമിക്കാനുള്ള അധികാരം .. | 7 |
| 26. | ചട്ടങ്ങളുണ്ടാക്കാൻ ബോർഡിനുള്ള അധികാരം .. | 7 |
| **IV ദുർഗുണപരിഹാര പാഠശാല സംബന്ധിച്ച കുററങ്ങൾ** | | |
| 27. | നിരോധിക്കപ്പെട്ട സാധനങ്ങൾ അകത്തു കൊണ്ടുവരുന്നതിനും നീക്കം ചെയ്യുന്നതിനും നൽകുന്നതിനും ചെറുപ്പക്കാരായ കുററവാളികളുമായി സമ്പർക്കം പുലർത്തുന്നതിനും ഉള്ള ശിക്ഷ .. | 8 |
| 28. | ചെറുപ്പക്കാരനായ കുററവാളിയെ രക്ഷപ്പെടാൻ പ്രേരിപ്പിക്കുന്നതിനുള്ള ശിക്ഷ .. | 9 |
| 29. | രക്ഷപ്പെട്ട ചെറുപ്പക്കാരനായ കുററവാളിയെ അറസ്ററ് ചെയ്യൽ .. | 9 |
| **V പലവക** | | |
| 30. | റദ്ദാക്കി .. | 9 |
| 31. | പെൺകുട്ടികളടക്കം ചെറുപ്പക്കാരായ കുററവാളികളെ സംബന്ധിച്ച കാര്യങ്ങൾ മററു വിധത്തിൽ കൈകാര്യം ചെയ്യാനുള്ള അധികാരം .. | 9 |
| 32. | ഒരു ദുർഗുണപരിഹാരപാഠശാലയിൽ തടങ്കലിൽ താമസിപ്പിച്ചിരിക്കുന്ന ചെറുപ്പക്കാരനായ കുററവാളിയെ വീണ്ടും കുററസ്ഥാപനം ചെയ്യുകയും ശിക്ഷിക്കുകയും ചെയ്യുന്നിടത്ത് നടപടി .. | 10 |

# 1897-ലെ ദുർഗുണപരിഹാര പാഠശാല ആക്ററ്

(1897–ലെ 8–ാം ആക്ററ്)

(1988 മാർച്ച് 1–ാം തീയ്യതിവരെ ഭേദഗതി ചെയ്ത പ്രകാരം)

ദുർഗുണപരിഹാര പാഠശാലകളെ സംബന്ധിച്ച നിയമം ഭേദഗതിചെയ്യുന്നതിനും ചെറുപ്പക്കാരായ കുററവാളികളെ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് കൂടുതൽ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനും ഉള്ള ഒരു ആക്ററ്.

(1897 മാർച്ച് 11)

ദുർഗുണപരിഹാര പാഠശാലകളെ സംബന്ധിച്ച നിയമം ഭേദഗതി ചെയ്യുന്നതും ചെറുപ്പക്കാരായ കുററവാളികളെ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഇനിയും വ്യവസ്ഥ ചെയ്യുന്നതും സമീചീനമാകയാൽ താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു.

## I പ്രാരംഭം

1. (1) ഈ ആക്ററിന് 1897–ലെ ദുർഗുണപരിഹാര പാഠശാല ആക്ററ് എന്ന് പേർ പറയാവുന്നതാണ്. പേരും വ്യാപ്തിയും

(2) (വിട്ടുകളഞ്ഞു)

(3) ഇതിന് 1956 നവംബർ ഒന്നാം തീയതിക്കു തൊട്ടുമുമ്പ് ഖ ഭാഗം സംസ്ഥാനങ്ങളിൽ ഉൾപ്പെടുത്തിയിരുന്ന ഭൂപ്രദേശങ്ങൾ ഒഴികെയുള്ള ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

2–ം, 3–ം (റദ്ദാക്കി)

4. ഈ ആക്ററിൽ, വിഷയത്തിനോ സന്ദർഭത്തിനോ പൊരുത്തപ്പെടാത്തതായി എന്തെങ്കിലും ഇല്ലാത്തപക്ഷം,— നിർവ്വചനങ്ങൾ

(ക) ''ചെറുപ്പക്കാരനായ കുററവാളി'' എന്നാൽ നാടുകടത്തലോ തടവോ നൽകി ശിക്ഷിക്കാവുന്ന ഏതെങ്കിലും കുററത്തിന് കുററസ്ഥാപനം ചെയ്തിട്ടുള്ളതും അങ്ങനെ കുററസ്ഥാപനം ചെയ്യുന്ന സമയത്ത് പതിനഞ്ച് വയസ്സിന് താഴെ പ്രായമുണ്ടായിരുന്നതും ആയ ഒരു ആൺകുട്ടി എന്ന് അർത്ഥമാകുന്നു;

(ഖ) ''ഇൻസ്പെക്ടർ ജനറൽ'' എന്നതിൽ ഇൻസ്പെക്ടർ ജനറലിന്റെ മേൽ ഈ ആക്ററ് ചുമത്തുന്ന എല്ലാ കർത്തവ്യങ്ങളും അഥവാ ഏതെങ്കിലും കർത്തവ്യം നിർവ്വഹിക്കാൻ സംസ്ഥാന സർക്കാർ നിയമിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനും ഉൾപ്പെടുന്നതാണ്;

(ഗ) ''ജില്ലാ മജിസ്ട്രേട്ട്'' എന്നതിൽ ഒരു ചീഫ് പ്രസിഡൻസി മജിസ്ട്രേട്ട് ഉൾപ്പെടുന്നതാണ്.

## II ദുർഗുണപരിഹാര പാഠശാലകൾ

ദുർഗുണപരിഹാര പാഠശാലകൾ സ്ഥാപിക്കുന്നതിനും നിറുത്തലാക്കുന്നതിനും ഉള്ള അധികാരം

5. സംസ്ഥാന സർക്കാരിന്—

(ക) അതിന് ഉചിതമെന്ന് തോന്നുന്ന സ്ഥലങ്ങളിൽ ദുർഗുണപരിഹാര പാഠശാലകൾ സ്ഥാപിക്കുകയും നടത്തുകയും;

(ഖ) ഈ ആക്ററുമായി പൊരുത്തപ്പെടുന്നതും സംസ്ഥാന സർക്കാർ ഇതിലേക്ക് നിർണ്ണയിക്കുന്നതും ആയ ചട്ടങ്ങൾക്കനുസൃതമായി പ്രവർത്തിക്കാൻ സമ്മതമുള്ള ആളുകൾ നടത്തുന്ന പാഠശാലകളെ, ദുർഗുണപരിഹാര പാഠശാലകളായി ഉപയോഗിക്കുകയും;

(ഗ) അപ്രകാരം സ്ഥാപിച്ചതോ ഉപയോഗിക്കുന്നതോ ആയ ഒരു പാഠശാല ദുർഗുണപരിഹാര പാഠശാലയായി തുടരുന്നതല്ലെന്നോ അതിനെ അപ്രകാരം ഉപയോഗപ്പെടുത്തുന്നതു അവസാനിക്കുന്നതാണെന്നോ നിർദ്ദേശിക്കുകയും,

ചെയ്യാവുന്നതാണ്.

പാഠശാലകളിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങൾ

6. അപ്രകാരം സ്ഥാപിക്കുന്നതോ ഉപയോഗിക്കുന്നതോ ആയ ഏതൊരു പാഠശാലയിലും—

(ക) രാത്രിയിൽ അവിടെയുള്ള അന്തേവാസികളെ വെവ്വേറെ താമസിപ്പിക്കുന്നതിന് വേണ്ടത്ര സൗകര്യങ്ങളും;

(ഖ) അവിടെ തടങ്കലിൽവച്ചിരിക്കുന്ന ചെറുപ്പക്കാരായ കുററവാളികൾക്ക് ആവശ്യമായ ശുചീകരണ ഏർപ്പാടുകളും വെള്ളവും ആഹാരവും വസ്ത്രവും കിടക്കയും;

(ഗ) അങ്ങനെയുള്ള ചെറുപ്പക്കാരായ കുററവാളികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങളും;

(ഘ) അസുഖം വരുമ്പോൾ അങ്ങനെയുള്ള ചെറുപ്പക്കാരായ കുററവാളികളെ പരിചരിക്കുന്നതിന് ശുശ്രൂഷാമുറിയോ അല്ലെങ്കിൽ അതിന് ഉതകുന്ന മററ് സ്ഥലമോ,

ഉണ്ടായിരിക്കേണ്ടതാണ്.

ദുർഗുണപരിഹാര പാഠശാലകളുടെ പരിശോധന

7. ഒരു ദുർഗുണപരിഹാര പാഠശാലയാക്കുന്നതിനോ അങ്ങനെ ഉപയോഗിക്കുന്നതിനോ ഉദ്ദേശിക്കുന്ന ഏതൊരു പാഠശാലയും അപ്രകാരം ഉപയോഗിക്കുന്നതിന് മുമ്പ് ഇൻസ്പെക്ടർ ജനറൽ പരിശോധിക്കേണ്ടതും, 6–ാം വകുപ്പിലെ വ്യവസ്ഥകൾ നിറവേററിയിട്ടുണ്ടെന്നും ഈ ആക്ററുപ്രകാരം അവിടെ അയയ്ക്കുന്ന ചെറുപ്പക്കാരായ കുററവാളികളെ പാർപ്പിക്കുന്നതിന് ആ പാഠശാല അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ യോജിച്ചതാണെന്നും കാണുന്നപക്ഷം, അദ്ദേഹം ആ കാര്യം സർട്ടിഫൈ ചെയ്യേണ്ടതും, ആ സർട്ടിഫിക്കററ് പാഠശാലയെ ഒരു ദുർഗുണപരിഹാര പാഠശാലയാക്കിക്കൊണ്ടോ അത് അപ്രകാരം ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടോ ഉള്ള സംസ്ഥാന സർക്കാരിന്റെ ഒരു ഉത്തരവുസഹിതം, ഔദ്യോഗികഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അതിനുശേഷം ആ പാഠശാല ഒരു ദുർഗുണപരിഹാര പാഠശാലയായി കരുതപ്പെടുന്നതും ആകുന്നു.

(2) അങ്ങനെയുള്ള ഏതൊരു പാഠശാലയും, കാലാകാലങ്ങളിൽ, വർഷത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യം, മേൽപറഞ്ഞ ഇൻസ്പെക്ടർ ജനറൽ സന്ദർശിക്കേണ്ടതും, സംസ്ഥാനസർക്കാർ നിർണ്ണയിക്കുന്ന ഫാറത്തിൽ പാഠശാലയുടെ സ്ഥിതിയെപ്പററി ഒരു റിപ്പോർട്ട് സംസ്ഥാന സർക്കാരിനു അയച്ചുകൊടുക്കേണ്ടതും ആകുന്നു.

ചെറുപ്പക്കാരായ കുററവാളികളെ ദുർഗുണപരിഹാരപാഠശാലയിൽ അയയ്ക്കണമെന്ന് നിർദ്ദേശിക്കാൻ കോടതിക്കുള്ള അധികാരം

8. (1) ചെറുപ്പക്കാരനായ ഒരു കുററവാളിയെ നാടുകടത്താനോ തടവിലാക്കാനോ വിധിക്കുകയും ആ ആൾ ദുർഗുണപരിഹാരപാഠശാലയിലെ അന്തേവാസിയാകാൻ പററിയ ഒരാളാണെന്ന് വിധി പ്രസ്താവിക്കുന്ന കോടതിക്ക് തോന്നുകയും ചെയ്യുന്നിടത്തെല്ലാം, സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് വിധേയമായി, ശിക്ഷ അനുഭവിക്കുന്നതിനു പകരം അയാളെ അങ്ങനെയുള്ള ഒരു പാഠശാലയിലയയ്ക്കണമെന്നും അവിടെ മൂന്നുവർഷത്തിൽ കുറയാതെയും ഏഴുവർഷത്തിൽ കവിയാതെയും ഉള്ള കാലത്തേക്ക് തടങ്കലിൽ താമസിപ്പിക്കണമെന്നും കോടതിക്ക് നിർദ്ദേശിക്കാവുന്നതാണ്.

(2) ഈ വകുപ്പ് കോടതിക്ക് നൽകുന്ന അധികാരങ്ങൾ (ക) ഒരു ഹൈക്കോടതിയും (ഖ) ഒരു സെഷൻകോടതിയും (ഗ) ഒരു ജില്ലാ മജിസ്ട്രേട്ടും (ഘ) ഇതിലേക്ക് സംസ്ഥാന സർക്കാർ പ്രത്യേകം അധികാരപ്പെടുത്തുന്ന മജിസ്ട്രേട്ടും മാത്രം പ്രയോഗിക്കേണ്ടതും, വ്യവഹാരം അങ്ങനെയുള്ള കോടതി മുമ്പാകെ ആദ്യവ്യവഹാരമായി വരുന്നതായാലും അപ്പീലായി വരുന്നതായാലും, അങ്ങനെയുള്ള കോടതിക്ക് പ്രയോഗിക്കാവുന്നതും ആകുന്നു.

(3) സംസ്ഥാന സർക്കാരിന്—

(ക) ചെറുപ്പക്കാരായ കുററവാളികൾ ചെയ്ത കുററങ്ങളുടെ സ്വഭാവവും മററ് കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് എങ്ങനെയുള്ള ചെറുപ്പക്കാരായ കുററവാളികളെയാണ് ദുർഗുണപരിഹാരപാഠശാലയിൽ അയയ്ക്കേണ്ടത് എന്നു വ്യക്തമാക്കിക്കൊണ്ടും;

(ഖ) ചെറുപ്പക്കാരായ കുററവാളികളെ അവരുടെ പ്രായവും മററു സാഹചര്യങ്ങളും അനുസരിച്ച് അങ്ങനെയുള്ള പാഠശാലയിലേക്ക് എത്രകാലത്തേക്കു അയയ്ക്കാമെന്നു നിജപ്പെടുത്തിക്കൊണ്ടും,

ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

8-ാം വകുപ്പു പ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ മജിസ്ട്രേട്ടിനെ അധികാരപ്പെടുത്തിയിട്ടില്ലാത്തിടത്തുള്ള നടപടിക്രമം

9. (1) തൊട്ടുമുൻപു പറഞ്ഞ വകുപ്പുപ്രകാരം ഉള്ള ഉത്തരവ് പുറപ്പെടുവിക്കാൻ അധികാരപ്പെടുത്തിയിട്ടില്ലാത്ത ഒരു മജിസ്ട്രേട്ടിന്, താൻ കുററസ്ഥാപനം ചെയ്ത ചെറുപ്പക്കാരനായ ഒരു കുററവാളി ദുർഗുണപരിഹാരപാഠശാലയിൽ അന്തേവാസിയാകാൻ പററിയവനാണെന്ന് അഭിപ്രായമുള്ളിടത്ത്, അതു ഒരു വിധിയിൽ പ്രസ്താവിക്കാതെതന്നെ അങ്ങനെയുള്ള അഭിപ്രായം രേഖപ്പെടുത്താവുന്നതും ഏതു ജില്ലാ മജിസ്ട്രേററിന്റെ കീഴിലാണോ താൻ പ്രവർത്തിക്കുന്നത് ആ ജില്ലാ മജിസ്ട്രേട്ടിന് തന്റെ നടപടിക്കുറിപ്പുകൾ സമർപ്പിക്കാവുന്നതും അതിനോടൊപ്പം ചെറുപ്പക്കാരനായ കുററവാളിയെ അയാളുടെ പക്കലേക്ക് അയയ്ക്കാവുന്നതും ആകുന്നു.

(2) ഏത് മജിസ്ട്രേട്ടിനാണോ അങ്ങനെയുള്ള നടപടിക്കുറിപ്പുകൾ സമർപ്പിക്കുന്നത് ആ മജിസ്ട്രേട്ടിനു കൂടുതൽ അന്വേഷണ വിചാരണ വല്ലതും വേണമെന്നു തോന്നുന്നപക്ഷം നടത്താവുന്നതും, ചെറുപ്പക്കാരനായ കുററവാളിയെ ആദ്യം വിചാരണചെയ്തത് താൻ ആയിരുന്നുവെങ്കിൽ പ്രസ്താവിക്കുമായിരുന്നതുപോലെ വിധി പ്രസ്താവിക്കാവുന്നതും, ചെറുപ്പക്കാരനായ കുററവാളിയെ ദുർഗുണപരിഹാര പാഠശാലയിൽ താമസിപ്പിക്കുന്നതിനോ മറെറന്തെങ്കിലും ചെയ്യുന്നതിനോ ഉത്തരവു പുറപ്പെടുവിക്കാവുന്നതും ആകുന്നു.

തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ട പതിനഞ്ച് വയസ്സിന് താഴെയുള്ള ആൺകുട്ടികളെ

10. തടവിനു വിധിച്ചതിന്റെ ഫലമായി ചെറുപ്പക്കാരനായ കുററവാളിയെ തടങ്കലിൽ വച്ചിട്ടുള്ള ജയിലിന്റെ ഉത്തരവാദിത്വം വഹിക്കുന്ന ഉദ്യോഗസ്ഥന് അപ്പോൾ ആ കുററവാളിക്ക് പതിനഞ്ച് വയസ്സ് ആയിട്ടില്ലെങ്കിൽ, ആ ജയിൽ ഏതു ജില്ലാ മജിസ്ട്രേട്ടിന്റെ അധികാരപരിധിക്കകത്താണോ സ്ഥിതിചെയ്യുന്നത്, ആ ജില്ലാ മജിസ്ട്രേട്ടു മുമ്പാകെ അയാളെ കൊണ്ടുവരാവുന്നതും, അങ്ങനെയുള്ള

3/5295/J.

*ദുർഗുണ പരിഹാരപാഠശാലയിൽ അയയ്ക്കണമെന്ന് നിർദ്ദേശിക്കാൻ മജിസ്ട്രേട്ടിനുള്ള അധികാരം*

കുററവാളി ദുർഗുണപരിഹാരപാഠശാലയിൽ അന്തേവാസിയാകാൻ പററിയ ആളാണെന്ന് തോന്നുന്നപക്ഷം, അയാളുടെ ശിക്ഷയുടെ ശേഷിച്ചഭാഗം അനുഭവിക്കുന്നതിനു പകരം, അയാളെ ഒരു ദുർഗുണപരിഹാരപാഠശാലയിലേക്ക് അയയ്ക്കണമെന്നും, 8—ാം വകുപ്പ് അനുവദിക്കുന്ന തടങ്കൽ കാലാവധി സംബന്ധിച്ച് ആ വകുപ്പുവഴിയോ അതിൻപ്രകാരമോ നിർണ്ണയിച്ചിട്ടുള്ള അതേ പരിമിതികൾക്ക് വിധേയമായ കാലയളവിലേക്ക് അവിടെ താമസിപ്പിക്കണമെന്നും ആ മജിസ്ട്രേട്ടിന് നിർദ്ദേശിക്കാവുന്നതും ആകുന്നു.

*ചെറുപ്പക്കാരനായ കുററവാളിയുടെ വയസ്സുസംബന്ധിച്ച പ്രാരംഭാന്വേഷണവും തീരുമാനവും*

11. (1) 8—ാം വകുപ്പോ 9—ാം വകുപ്പോ 10—ാം വകുപ്പോ പ്രകാരം ചെറുപ്പക്കാരനായ ഏതെങ്കിലും കുററവാളിയെ ദുർഗുണപരിഹാരപാഠശാലയിൽ അയയ്ക്കാൻ നിർദ്ദേശിക്കുന്നതിനുമുൻപ്, കോടതിയോ മജിസ്ട്രേട്ടോ അയാളുടെ വയസ്സ് സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതും, ആവശ്യമെന്ന് തോന്നുന്ന തെളിവ് (വല്ലതുമുണ്ടെങ്കിൽ) എടുത്തതിനുശേഷം ആകുന്നത്ര ശരിയായ വയസ്സ് പറഞ്ഞുകൊണ്ട് അതിൻമേൽ ഒരു തീരുമാനം രേഖപ്പെടുത്തേണ്ടതും ആകുന്നു.

(2) 8—ാം വകുപ്പുപ്രകാരം ഒരു ഉത്തരവ് പാസ്സാക്കാൻ അധികാരപ്പെടുത്തിയിട്ടില്ലാത്ത ഒരു മജിസ്ട്രേട്ട്, 9—ാം വകുപ്പ് (1)—ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള തന്റെ നടപടിക്കുറിപ്പുകൾ ജില്ലാ മജിസ്ട്രേട്ടു മുമ്പാകെ സമർപ്പിക്കുന്നതിനു ചെറുപ്പക്കാരനായ കുററവാളിയെ അയാളുടെ പക്കലേക്ക് അയയ്ക്കുന്നതിനു മുമ്പായി അപ്രകാരമുള്ള ഒരു അന്വേഷണം നടത്തേണ്ടതും തീരുമാനം രേഖപ്പെടുത്തേണ്ടതും ആകുന്നു.

*അങ്ങനെയുള്ള കുററവാളികളെ ഏത് ദുർഗുണ പരിഹാര പാഠശാലയിലാണ് അയയ്ക്കേണ്ടതെന്ന് സർക്കാർ തീരുമാനിക്കണമെന്ന്*

12. ദുർഗുണപരിഹാരപാഠശാലയിൽ അയയ്ക്കണമെന്ന് ഒരു കോടതിയോ മജിസ്ട്രേട്ടോ നിർദ്ദേശിക്കുന്ന ചെറുപ്പക്കാരനായ ഒരു കുററവാളിയെ, അങ്ങനെ ഒരു കോടതിയോ മജിസ്ട്രേട്ടോ അപ്രകാരം നിർദ്ദേശിക്കുന്ന കുററവാളികളെ പാർപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി നിശ്ചയിച്ചിട്ടുള്ള, ദുർഗുണപരിഹാരപാഠശാലയിലേക്ക് അയയ്ക്കേണ്ടതാണ്:

എന്നാൽ, ഒരു ദുർഗുണപരിഹാരപാഠശാലയിൽ, അങ്ങനെയുള്ള ചെറുപ്പക്കാരനായ കുററവാളിയെ പാർപ്പിക്കുന്നതിന് തത്സമയം സൗകര്യം ഇല്ലാത്തപക്ഷം—

(ക) അയാളെ ഒരു ദുർഗുണ പരിഹാരപാഠശാലയിലേക്കയയ്ക്കാൻ സാധിക്കുന്നതുവരെയോ,

(ഖ) അയാളുടെ ആദ്യ ശിക്ഷാവിധിയുടെ കാലാവധി കഴിയുന്നതുവരെയോ,

ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ, അയാളെ പ്രായംകുറഞ്ഞ ആളുകൾക്കുള്ള ജയിലിലെ കുട്ടികളുടെ വാർഡിലോ സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന ജയിലിന്റെ അനുയോജ്യമായ മററു ഭാഗത്തോ തടങ്കലിൽ താമസിപ്പിക്കാവുന്നതാണ്; അയാളുടെ ആദ്യശിക്ഷാവിധിയുടെ കാലയളവ് ആദ്യം കഴിയുകയാണെങ്കിൽ അയാളെ ഉടനെ മോചിപ്പിക്കേണ്ടതും, ഒരു ദുർഗുണപരിഹാരപാഠശാലയിലേക്ക് അയയ്ക്കുകയാണെങ്കിൽ, നേരത്തെ അനുഭവിച്ച തടങ്കലിന്റെ കാലാവധി ദുർഗുണപരിഹാരപാഠശാലയിൽ ചിലവഴിച്ച കാലയളവായി കരുതേണ്ടതും ആകുന്നു.

*പതിനെട്ടു വയസ്സിനുമേൽ പ്രായമുള്ളതായി കാണുന്ന ആളുകളെ ദുർഗുണ*

13. (1) ചെറുപ്പക്കാരനായ ഒരു കുററവാളിയെ ദുർഗുണപരിഹാരപാഠശാലയിൽ അയച്ചശേഷം എപ്പോഴെങ്കിലും അവിടെ തടങ്കലിൽ താമസിപ്പിക്കുന്നതിനുള്ള ഉത്തരവിൽ ആ കുററവാളിയുടെ പ്രായംകുറച്ചാണ് കാണിച്ചിരിക്കുന്നതെന്നും അയാളെ എത്രകാലത്തേക്കാണോ തടങ്കലിൽ താമസിപ്പിക്കാൻ ഉത്തരവായിരിക്കുന്നത് ആ കാല

യളവ് അവസാനിക്കുന്നതിനുമുമ്പ് അയാൾക്ക് പതിനെട്ടു വയസ്സു തികയുമെന്നും സന്ദർശക കമ്മിററിക്കോ മാനേജ്മെൻറ് ബോർഡിനോ, അതതു സംഗതിപോലെ, തോന്നുന്നപക്ഷം, അവർ ആ കാര്യം സംസ്ഥാനസർക്കാരിന്റെ ഉത്തരവിനായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

പരിഹാരപാഠശാലയിൽ പാർപ്പിക്കാൻ പാടില്ലെന്ന്

(2) പതിനെട്ട് വയസ്സ് തികഞ്ഞതായി സംസ്ഥാന സർക്കാരിനു ബോദ്ധ്യമായതിനുശേഷം യാതൊരാളെയും ദുർഗുണപരിഹാരപാഠശാലയിൽ താമസിപ്പിക്കാൻ പാടുള്ളതല്ല.

14. സംസ്ഥാനസർക്കാരിന്, ഏത് സമയത്തും, ചെറുപ്പക്കാരനായ ഏതു കുററവാളിയേയും—

(ക) ദുർഗുണപരിഹാരപാഠശാലയിൽനിന്നും പറഞ്ഞയയ്ക്കുന്നതിനും;

(ഖ) ഒരു ദുർഗുണപരിഹാര പാഠശാലയിൽനിന്നും ആ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഭൂപ്രദേശത്തു സ്ഥിതിചെയ്യുന്ന മറെറാരു പാഠശാലയിലേക്ക് മാററുന്നതിനും,

ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്: എന്നാൽ അങ്ങനെ മാററുന്നതുവഴി ദുർഗുണപരിഹാരപാഠശാലയിൽ അയാൾ തടങ്കലിൽ കഴിയേണ്ടകാലം ദീർഘിപ്പിക്കുവാൻ പാടുള്ളതല്ല.

സർക്കാർ ഉത്തരവു വഴി പറഞ്ഞു വിടുകയോ മറെറാരു പാഠശാലയിലേക്ക് മാററുകയോ ചെയ്യൽ

15. ഏതെങ്കിലും രണ്ടു സംസ്ഥാനങ്ങളിലെ സർക്കാരുകൾക്കു പരസ്പരം ഉടമ്പടിയിൽ ഏർപ്പെട്ടതിനുശേഷം, ഒരു സംസ്ഥാനത്തെ ഒരു കോടതിയോ മജിസ്ട്രേട്ടോ ദുർഗുണപരിഹാര പാഠശാലയിലേക്ക് അയയ്ക്കാൻ നിർദ്ദേശിക്കുന്ന ചെറുപ്പക്കാരായ കുററവാളികളെ പാർപ്പിക്കുന്നതിന് മറേറ സംസ്ഥാനത്തു സ്ഥിതിചെയ്യുന്ന ദുർഗുണപരിഹാരപാഠശാലകൾ ലഭ്യമായിരിക്കുന്നതാണെന്ന് അവരവരുടെ ഔദ്യോഗിക ഗസററുകളിൽ സാമാന്യമായോ പ്രത്യേകമായോ വിജ്ഞാപനം ചെയ്യാവുന്നതും, അതിൻമേൽ കുററവാളികളെ മാററുന്നതിനു വിജ്ഞാപനം അനുസരിച്ചു ഏർപ്പാടു ചെയ്യാവുന്നതും ആകുന്നു.

സംസ്ഥാനങ്ങൾ തമ്മിലുള്ള ഉടമ്പടി

16.* 1882-ലെ (1982-ലെ-10) ക്രിമിനൽ നടപടി നിയമസംഹിതയിൽ അടങ്ങിയിട്ടുള്ള യാതൊന്നിനും, ചെറുപ്പക്കാരനായ ഒരു കുററവാളിയുടെ പ്രായം സംബന്ധിച്ചു പുറപ്പെടുവിച്ച ഉത്തരവിനെ അപ്പീലിലോ റിവിഷനിലോ വ്യത്യാസപ്പെടുത്തുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ദുർഗുണപരിഹാരപാഠശാലയിൽ തടവിൽ വയ്ക്കാനുള്ള ഒരു ഉത്തരവിനു പകരം നാടുകടത്തലോ തടവോ നല്കാൻ ഉത്തരവു പുറപ്പെടുവിക്കുന്നതിനോ, ഏതെങ്കിലും കോടതിയേയോ മജിസ്ട്രേട്ടിനെയോ അധികാരപ്പെടുത്തുന്നതായി, അർത്ഥം കല്പിക്കാൻ പാടുള്ളതല്ല.

ചില ഉത്തരവുകൾ അപ്പീലിനോ റിവിഷനോ വിധേയമല്ലെന്ന്

## III ദുർഗുണപരിഹാരപാഠശാലകളുടെ നടത്തിപ്പ്

17. (1) ഓരോ ദുർഗുണപരിഹാരപാഠശാലയുടെയും നിയന്ത്രണത്തിനും നടത്തിപ്പിനുമായി സംസ്ഥാന സർക്കാർ ഒന്നുകിൽ (ക) ഒരു സൂപ്രണ്ടിനെയും ഒരു സന്ദർശകസമിതിയെയും, അല്ലെങ്കിൽ (ഖ) ഒരു മാനേജ്മെൻറ് ബോർഡിനെ, നിയമിക്കേണ്ടതാണ്.

(2) അപ്രകാരം നിയമിക്കുന്ന ഓരോ കമ്മിററിയിലും ഓരോ ബോർഡിലും അഞ്ചിൽ കുറയാതെ ആളുകൾ ഉണ്ടായിരിക്കേണ്ടതാണ്.

സൂപ്രണ്ടിന്റെയും സന്ദർശക സമിതിയുടെയും മാനേജ്മെൻറ് ബോർഡിന്റെയും നിയമനം

* ഇപ്പോൾ 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിത നോക്കുക.

(3) സംസ്ഥാന സർക്കാരിന് അപ്രകാരം നിയമിക്കുന്ന ഏതൊരു സൂപ്ര
ണ്ടിനേയും കമ്മിററിയിലേയും ബോർഡിലേയും ഏതൊരു അംഗത്തിനേയും സസ്
പെൻറ് ചെയ്യുകയോ നീക്കംചെയ്യുകയോ ചെയ്യാവുന്നതാണ്.

*സൂപ്രണ്ടിനു ചെറുപ്പക്കാരായ കുററവാളികളെ തൊഴിൽ ഉടമകളുടെ പക്കൽ അയയ്ക്കാൻ ലൈസൻസ് കൊടുക്കാമെന്ന്*

18. (1) അപ്രകാരം നിയമിക്കുന്ന ഓരോ സൂപ്രണ്ടിനും, കമ്മിററിയുടെ
അനുവാദത്തോടുകൂടി, അയാൾ എഴുതി ഒപ്പുവച്ച ഒരു ലൈസൻസുവഴി, ദുർഗുണ
പരിഹാരപാഠശാലയിലേക്കയച്ചിരുന്നതും പതിന്നാലു വയസ് തികഞ്ഞതും ആയ
ഏതൊരു കുററവാളിയെയും, ഏതെങ്കിലും തൊഴിലിലോ പ്രവൃത്തിയിലോ ജീവ
നത്തിലോ ഏർപ്പെടുത്തിക്കൊള്ളണം എന്ന വ്യവസ്ഥയിൻമേൽ തൊഴിൽ ഉടമയും
കുററവാളിയെ സ്വീകരിക്കാനും അയാളുടെ ചുമതല ഏല്ക്കാനും സമ്മതമുള്ളതും,
ലൈസൻസിൽ പേരു പറയുന്നതും ആയ വിശ്വസ്തനും മാന്യനുമായ ഒരാളിൻെറ
ചുമതലയിൻകീഴിലോ, സർക്കാരിൻെറയോ, മുനിസിപ്പാലിററിയുടെയോ ഏതെങ്കിലും
ഉദ്യോഗസ്ഥൻെറ ചുമതലയിൻ കീഴിലോ താമസിക്കാൻ അനുവദിക്കാവുന്നതാണ്.

(2) ലൈസൻസിനു മൂന്നു മാസത്തേക്കുമാത്രം പ്രാബല്യം ഉണ്ടാ
യിരിക്കുന്നതും, എന്നാൽ ചെറുപ്പക്കാരനായ കുററവാളിയെ തടങ്കലിൽ താമസിപ്പിക്കു
ന്നതിനു നിർദ്ദേശിച്ചിട്ടുള്ള കാലയളവ് അവസാനിക്കുന്നതുവരെ ഏതു സമയത്തും,
ഒരു സമയത്തു മൂന്നു മാസക്കാലത്തേക്കു, സമയാസമയം പുതുക്കാവുന്നതും
ആകുന്നു.

*ലൈസൻസ് റദ്ദാക്കൽ*

19. ലൈസൻസിൽ പേരുപറഞ്ഞിട്ടുള്ള തൊഴിൽ ഉടമ ആവശ്യപ്പെടുന്ന
പക്ഷം ലൈസൻസ് റദ്ദാക്കേണ്ടതാണ്.

*ലൈസൻസ് അവസാനിക്കൽ*

20. ലൈസൻസ് നിലവിലിരിക്കെ അതിൽ പേരുപറഞ്ഞിട്ടുള്ള തൊഴിൽ ഉടമ
മരിക്കുകയോ ബിസിനസ്സു നടത്തുന്നതോ തൊഴിലാളികളെ പണിക്കു വയ്ക്കു
ന്നതോ അവസാനിപ്പിക്കുകയോ ചെയ്യുന്ന പക്ഷവും, ചെറുപ്പക്കാരനായ കുററവാളിയെ
ദുർഗുണ പരിഹാരപാഠശാലയിൽ തടങ്കലിൽ താമസിപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള
കാലയളവ് അവസാനിക്കുന്നപക്ഷവും, ലൈസൻസ് അതിൻമേൽ ഇല്ലാതാകുന്നതും
അവസാനിക്കുന്നതും ആകുന്നു.

*മോശമായി പെരുമാറുന്നിടത്തു ലൈസൻസ് റദ്ദാക്കൽ*

21. തൊഴിൽ ഉടമ ചെറുപ്പക്കാരനായ കുററവാളിയോടു മോശമായി
പെരുമാറിയിട്ടുണ്ടെന്നോ കുററവാളിയുടെ താമസത്തിനും ഭക്ഷണത്തിനും മതിയായ
ഏർപ്പാടു ചെയ്തിട്ടില്ലെന്നോ തോന്നുന്നപക്ഷം, സൂപ്രണ്ടിന് ലൈസൻസ് റദ്ദാ
ക്കാവുന്നതാണ്.

*സൂപ്രണ്ടിനെ ചെറുപ്പക്കാരായ കുററവാളികളുടെ രക്ഷാകർത്താവായി കരുതണമെന്ന്*

22. (1) അപ്രൻറീസുകളുടെ ബാദ്ധ്യസ്ഥത സംബന്ധിച്ച 1850-ലെ
19-ാം ആക്ററിൻെറ അർത്ഥത്തിൽ ദുർഗുണപരിഹാര പാഠശാലയുടെ സൂപ്ര
ണ്ടിനെ അങ്ങനെയുള്ള പാഠശാലയിൽ തടങ്കലിൽ താമസിപ്പിച്ചിരിക്കുന്ന ചെറുപ്പ
ക്കാരായ എല്ലാ കുററവാളികളുടെയും രക്ഷാകർത്താവായി കരുതേണ്ടതാണ്.

*ചെറുപ്പക്കാരനായ കുററവാളിയെ അപ്രൻറീസാക്കാനുള്ള അധികാരം*

(2) 18-ാം വകുപ്പു പ്രകാരം ലൈസൻസ് കൊടുത്ത ചെറുപ്പക്കാരനായ
ഏതെങ്കിലും കുററവാളി അയാളുടെ ലൈസൻസിൻെറ ഒന്നോ അതിലധികമോ കാല
യളവുകളിൽ നല്ല രീതിയിൽ പെരുമാറിയിട്ടുണ്ടെന്ന് സൂപ്രണ്ടിനു തോന്നുന്ന
പക്ഷം, സൂപ്രണ്ടിന് കമ്മിററിയുടെ അനുവാദത്തോടുകൂടി, മേൽപറഞ്ഞ ആക്ററിലെ
വ്യവസ്ഥകൾ പ്രകാരം അയാളെ അപ്രൻറീസ് ആക്കാവുന്നതും അങ്ങനെയുള്ള
അപ്രൻറീസായിരിക്കുമ്പോൾ, ആ കുററവാളിയെ ദുർഗുണപരിഹാര പാഠശാലയിൽ
തടങ്കലിൽ താമസിപ്പിക്കാനുള്ള അവകാശം ഇല്ലാതായിത്തീരുന്നതും അയാളുടെ ശിക്ഷാ
വിധിയുടെ ശേഷിച്ച കാലയളവു (വല്ലതുമുണ്ടെങ്കിൽ) അതു റദ്ദാക്കപ്പെടുന്നതും
ആകുന്നു.

23. (1) 17–ാം വകുപ്പു പ്രകാരം ഒരു ദുർഗുണപരിഹാര പാഠശാല യ്ക്കായി നിയമിക്കുന്ന ഓരോ സന്ദർശകക്കമ്മിററിയും മാസത്തിൽ ഒരിക്ക ലെങ്കിലും,— സന്ദർശകക്കമ്മിററിയുടെ കർത്തവ്യങ്ങരം

(ക) പരാതി കേരംക്കുന്നതിനും 6–ാം വകുപ്പിലെ വ്യവസ്ഥകരം പാലിച്ചിട്ടുണ്ട് എന്നും പാഠശാലയുടെ നടത്തിപ്പ് എല്ലാ കാര്യത്തിലും വേണ്ടവിധത്തിലാണെന്നും ഉറപ്പുവരുത്തുന്നതിനു പാഠശാല സന്ദർശിക്കുകയും;

(ഖ) ശിക്ഷാപുസ്തകം പരിശോധിക്കുകയും;

(ഗ) പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങരം ഇൻസ്പെക്ടർ ജനറലിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും;

(ഘ) യാതൊരാളെയും നിയമ വിരുദ്ധമായി പാഠശാലയിൽ പാർപ്പിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തുകയും,

ചെയ്യേണ്ടതാണ്.

(2) അപ്രകാരം നിയമിച്ചിട്ടുള്ള ഒരു സന്ദർശകക്കമ്മിററിയിലെ ഏതെങ്കിലും അംഗം, തുടർച്ചയായി ആറു മാസക്കാലത്തേക്ക് പാഠശാല സന്ദർശിക്കുന്നതിലും മേൽപ്പറഞ്ഞ കർത്തവ്യങ്ങരം നിറവേററാൻ സഹായിക്കുന്നതിലും വീഴ്ച വരുത്തുകയോ ഉപേക്ഷ കാണിക്കുകയോ ചെയ്യുന്നപക്ഷം, അയാരം അങ്ങനെയുള്ള കമ്മിററിയിലെ അംഗമല്ലാതായിത്തീരുന്നതാണ്.

24. 17–ാം വകുപ്പ് നൽകുന്ന അധികാരങ്ങരം പ്രയോഗിച്ച് സംസ്ഥാന സർക്കാർ ഏതെങ്കിലും ദുർഗുണപരിഹാര പാഠശാലയ്ക്കായി ഒരു മാനേജുമെൻറ് ബോർഡിനെ നിയമിക്കുന്നപക്ഷം, 18 മുതൽ 22 വരെ, രണ്ടും ഉരംപ്പെടെയുള്ള വകുപ്പുകരം പ്രകാരമുള്ള സൂപ്രണ്ടിന്റെ അധികാരങ്ങരം അങ്ങനെയുള്ള ബോർഡിനുണ്ടായിരിക്കുന്നതും സൂപ്രണ്ടിന്റെ ചുമതലകരം അതു നിറവേററേണ്ടതും, 18–ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ലൈസൻസ് ബോർഡ് ചെയർമാന്റെ ഒപ്പോടുകൂടി ആയിരിക്കാവുന്നതും, അങ്ങനെയുള്ള പാഠശാലയിൽ താമസിപ്പിച്ചിട്ടുള്ള ചെറുപ്പക്കാരായ കുററവാളികളുടെ രക്ഷാകർത്താവായി ബോർഡിനെ കരുതുന്നതും ആകുന്നു. മാനേജ്മെൻറ് ബോർഡിന്റെ അധികാരങ്ങരം

25. 5–ാം വകുപ്പ് (ഖ) ഖണ്ഡത്തിൽ പറയുന്ന ചട്ടങ്ങരംക്കനുസൃതമായി പ്രവർത്തിക്കാൻ സമ്മതമുള്ള ഒരു പാഠശാലയുടെ ട്രസ്ററികളുടെ നികായത്തേയോ മാനേജർമാരെയോ ഈ ആക്ററു പ്രകാരമുള്ള ഒരു മാനേജ്മെൻറ് ബോർഡായി സംസ്ഥാന സർക്കാരിനു പ്രഖ്യാപിക്കാവുന്നതും അതിൻമേൽ അങ്ങനെയുള്ള നികായത്തിനും മാനേജർമാർക്കും മാനേജുമെൻറ് ബോർഡിന്റെ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും അവർ ബോർഡിന്റെ എല്ലാ ചുമതലകളും നിർവഹിക്കുന്നതും ആകുന്നു. പാഠശാലയുടെ ട്രസ്ററികളെയും മററു മാനേജർമാരേയും മാനേജ്മെൻറ് ബോർഡായി നിയമിക്കാനുള്ള അധികാരം

26. (1) സംസ്ഥാന സർക്കാരിന്റെ മുൻ അനുമതിയോടുകൂടി ദുർഗുണ പരിഹാര പാഠശാലയുടെ ഏതൊരു മാനേജ്മെൻറ് ബോർഡിനും, ഈ ആക്ററുമായി പൊരുത്തപ്പെടുന്ന രീതിയിൽ, കാലാകാലം, താഴെ പറയുന്ന കാര്യങ്ങരംക്കു ചട്ടങ്ങരം ഉണ്ടാക്കാവുന്നതാണ്, അതായത്:— ചട്ടങ്ങളുണ്ടാക്കാൻ ബോർഡിനുള്ള അധികാരം

(i) ''നിരോധിക്കപ്പെട്ട സാധനങ്ങളായി'' കരുതപ്പെടേണ്ട സാധനങ്ങരം നിർണ്ണയിക്കുന്നതിന്.

(ii) താഴെപ്പറയുന്ന കാര്യങ്ങൾ ക്രമപ്പെടുത്തുന്നതിന്, അതായത്—

(ക) ബോർഡിന്റെ കാര്യങ്ങളുടെ നടത്തിപ്പ്;

(ഖ) പാഠശാലയുടെ നടത്തിപ്പ്;

(ഗ) ചെറുപ്പക്കാരായ കുററവാളികളുടെ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും;

(ഘ) ചെറുപ്പക്കാരായ കുററവാളികളെ സന്ദർശിക്കുന്നതും അവരുമായി സമ്പർക്കം പുലർത്തുന്നതും;

(ങ) ''നിരോധിക്കപ്പെട്ട സാധനങ്ങ''ളായി ബോർഡ് പ്രഖ്യാപിച്ചിട്ടുള്ള ഏതെങ്കിലും സാധനം ഏത് വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായി പാഠശാലയ്ക്കകത്തു കൊണ്ടുവരുകയോ അവിടെനിന്നും നീക്കം ചെയ്യുകയോ ചെയ്യാമെന്നത്;

(ച) മുറപ്രകാരമുള്ള അധികാരം കൂടാതെ അകത്തു കൊണ്ടുവന്ന അങ്ങനെയുള്ള സാധനങ്ങൾ നീക്കം ചെയ്യേണ്ട രീതി;

(ഛ) പാഠശാലയിൽ താമസിപ്പിക്കാൻ ഉത്തരവായിട്ടുള്ള ചെറുപ്പക്കാരായ കുററവാളികൾക്ക് പാഠശാലയ്ക്കു വെളിയിൽ അങ്ങനെയുള്ള സാധനങ്ങൾ ഏതു വ്യവസ്ഥകൾക്കും പരിമിതികൾക്കും വിധേയമായി നൽകാമെന്നത്;

(ജ) അങ്ങനെയുള്ള സാധനങ്ങൾ ഏത് ഉപാധികളിൻമേൽ കൈവശം വയ്ക്കുന്നതിനു ചെറുപ്പക്കാരായ കുററവാളികളെ അനുവദിക്കാം എന്നത്;

(ഝ) മുറപ്രകാരം ഉള്ള അധികാരം കൂടാതെ അങ്ങനെയുള്ള സാധനങ്ങൾ നൽകുന്നിടത്തും കൈവശം വച്ചിരിക്കുന്നിടത്തും, അങ്ങനെ നൽകുന്നതിനും കൈവശം വച്ചിരിക്കുന്നതിനും ചുമത്തേണ്ട ശിക്ഷ;

(ഞ) ചെറുപ്പക്കാരായ കുററവാളികൾ ചെയ്യുന്ന കുററങ്ങൾക്കുള്ള ശിക്ഷ ;

(ട) ചെറുപ്പക്കാരായ കുററവാളികൾക്കു തൊഴിൽ ഏർപ്പാട് ചെയ്യുന്നതിന് ലൈസൻസ് നൽകുന്നത്.

(2) ഒരു മാനേജ്മെൻറ് ബോർഡ് ഇല്ലാതിരിക്കുന്നിടത്ത്; ഒരു ദുർഗുണപരിഹാരപാഠശാലയ്ക്കായി (ii) (ക) ഒഴികെയുള്ള (1)—ാം ഉപവകുപ്പിലെ ഏതു ഖണ്ഡത്തിൽ പറയുന്ന കാര്യവും ക്രമപ്പെടുത്തുന്നതിന് ഈ ആക്ററുമായി പൊരുത്തപ്പെടുന്ന രീതിയിൽ സംസ്ഥാന സർക്കാരിനു ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

## IV ദുർഗുണപരിഹാരപാഠശാലസംബന്ധിച്ച കുററങ്ങൾ

നിരോധിക്കപ്പെട്ട സാധനങ്ങൾ അകത്തു കൊണ്ടുവരുന്നതിനും നീക്കംചെയ്യുന്നതിനും നൽകുന്നതിനും ചെറുപ്പ

27. 26—ാം വകുപ്പു പ്രകാരം ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിനു വിരുദ്ധമായി ഏതെങ്കിലും നിരോധിക്കപ്പെട്ട സാധനം ഒരു ദുർഗുണപരിഹാര പാഠശാലയിൽ കൊണ്ടുവരുകയോ പാഠശാലയിൽനിന്ന് നീക്കംചെയ്യുകയോ, ഏതെങ്കിലും രീതിയിൽ കൊണ്ടുവരാനോ നീക്കംചെയ്യാനോ ശ്രമിക്കുകയോ, ഏതെങ്കിലും നിരോധിക്കപ്പെട്ട സാധനം ദുർഗുണപരിഹാര പാഠശാലയുടെ അതിർത്തിക്ക് വെളിയിൽ വച്ച് അവിടെ താമസിപ്പിക്കുന്നതിനുത്തരവായിട്ടുള്ള ചെറു

പ്പക്കാരനായ ഏതെങ്കിലും കുററവാളിക്കു നൽകുകയോ നൽകാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളെയും, അങ്ങനെയുള്ള ഏതെങ്കിലും ചട്ടത്തിനു വിരുദ്ധമായി, ഏതെങ്കിലും നിരോധിക്കപ്പെട്ട സാധനം ദുർഗുണപരിഹാര പാഠശാലയിലേക്ക് കൊണ്ടുവരുന്നതിനോ അവിടെനിന്നും നീക്കം ചെയ്യുന്നതിനോ അവിടെ തടങ്കലിൽ താമസിപ്പിച്ചിരിക്കുന്ന ചെറുപ്പക്കാരനായ ഏതെങ്കിലും കുററവാളിക്ക് കൈവശം വയ്ക്കുന്നതിനോ പാഠശാലയുടെ അതിർത്തികൾക്ക് വെളിയിൽവച്ച് അങ്ങനെയുള്ള ഏതെങ്കിലും കുററവാളികൾക്ക് നൽകുന്നതിനോ അറിഞ്ഞുകൊണ്ടു അനുവദിക്കുന്ന ഏതൊരു ഉദ്യോഗസ്ഥനേയും വ്യക്തിയേയും,

ക്കാരായ കുററവാളികളുമായി സമ്പർക്കം പുലർത്തുന്നതിനും ഉള്ള ശിക്ഷ

അങ്ങിനെയുള്ള ഏതെങ്കിലും ചട്ടത്തിനു വിരുദ്ധമായി, ചെറുപ്പക്കാരനായ ഏതെങ്കിലും കുററവാളിയുമായി സമ്പർക്കം പുലർത്തുകയോ അപ്രകാരം ചെയ്യാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളെയും,

ഈ വകുപ്പു പ്രകാരം ശിക്ഷാർഹമാക്കിയിട്ടുള്ള ഏതെങ്കിലും കുററം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഏതൊരാളെയും,

ഒരു മജിസ്ട്രേട്ട് മുൻപാകെ കുററസ്ഥാപനം നടക്കുന്നതിൻമേൽ, ആറു മാസത്തിൽ കവിയാത്ത കാലത്തേക്കു തടവിനോ ഇരുനൂറു രൂപയിൽ കവിയാത്ത പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കാവുന്നതാണ്.

28. ഒരു ദുർഗുണ പരിഹാര പാഠശാലയിൽ നിന്നോ തന്റെ തൊഴിൽ ഉടമയിൽ നിന്നോ ചെറുപ്പക്കാരനായ ഒരു കുററവാളി രക്ഷപ്പെടുന്നതിനോ രക്ഷപ്പെടാൻ ശ്രമിക്കുന്നതിനോ പ്രേരിപ്പിക്കുന്ന ഏതൊരാളെയും, ആറുമാസം വരെയാകാവുന്ന തടവിനോ ഇരുനൂറു രൂപയിൽ കവിയാത്ത പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കാവുന്നതാണ്.

ചെറുപ്പക്കാരനായ കുററവാളിയെ രക്ഷപ്പെടാൻ പ്രേരിപ്പിക്കുന്നതിനുള്ള ശിക്ഷ

29. ഈ ആക്ററുപ്രകാരം ഒരു ദുർഗുണ പരിഹാര പാഠശാലയിലേക്കയച്ചിരുന്നതും ആ പാഠശാലയിൽ നിന്നോ തന്റെ തൊഴിൽ ഉടമയിൽ നിന്നോ രക്ഷപ്പെട്ടതും ആയ ചെറുപ്പക്കാരനായ ഏതൊരു കുററവാളിയേയും മജിസ്ട്രേട്ടിന്റെ ഉത്തരവു കൂടാതെയും വാറണ്ടില്ലാതെയും ഒരു പോലീസുദ്യോഗസ്ഥന് അറസ്ററു ചെയ്യാവുന്നതും, അങ്ങനെയുള്ള പാഠശാലയിലേക്കോ അയാളുടെ തൊഴിൽ ഉടമയുടെ പക്കലേക്കോ അയാളെ തിരിച്ചു കൊണ്ടു പോകാവുന്നതും ആകുന്നു.

രക്ഷപ്പെട്ട ചെറുപ്പക്കാരനായ കുററവാളിയെ അറസ്ററു ചെയ്യൽ

## V പലവക

30. (റദ്ദാക്കി)

31. (1) ഈ ആക്ററിലോ തത്സമയം പ്രാബല്യത്തിലിരിക്കുന്ന മററേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതു കോടതിക്കും അതിനു ഉചിതമെന്നു തോന്നുന്നപക്ഷം ചെറുപ്പക്കാരനായ ഒരു കുററവാളിയെ നാടുകടത്തലിനോ തടവിനോ വിധിക്കുന്നതിനും ഒരു ദുർഗുണ പരിഹാര പാഠശാലയിൽ അയാളെ തടങ്കലിൽ താമസിപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നതിനും പകരം,—

(ക) അയാളെ വേണ്ട രീതിയിൽ ശാസിച്ചു വിട്ടയയ്ക്കുന്നതിനോ;

(ഖ) പന്ത്രണ്ടു മാസത്തിൽ കവിയാത്ത കാലയളവിലേക്കു ചെറുപ്പക്കാരനായ കുററവാളിയുടെ നല്ല പെരുമാററത്തിനു ഉത്തരവാദ

പെൺകുട്ടികളടക്കം ചെറുപ്പക്കാരായ കുററവാളികളെ സംബന്ധിച്ച കാര്യങ്ങൾ മററു വിധത്തിൽ കൈകാര്യം ചെയ്യാനുള്ള അധികാരം

പ്പെട്ടിരിക്കുന്നുവെന്നു കാണിച്ചുകൊണ്ട് അയാളുടെ മാതാപിതാക്കളോ രക്ഷാകർത്താവോ പ്രായപൂർത്തിയായ ഏററവും അടുത്ത ബന്ധുവോ ജാമ്യക്കാരോടുകൂടിയോ അല്ലാതെയോ കോടതി ആവശ്യപ്പെടുന്ന പ്രകാരമുള്ള ഒരു ബോണ്ട് എഴുതി ഒപ്പിട്ടു പൂർത്തിയാക്കുന്നതിൻമേൽ, അയാളെ അങ്ങനെയുള്ള മാതാപിതാക്കളേയോ രക്ഷാകർത്താവിനെയോ ബന്ധുവിനേയോ ഏൽപ്പിച്ചു കൊടുക്കുന്നതിനോ,

ഉത്തരവാകാവുന്നതാണ്.

(2) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് ''ചെറുപ്പക്കാരനായ കുററവാളി'' എന്നതിൽ ഒരു പെൺകുട്ടി ഉൾപ്പെടുന്നതാണ്.

(3) ഈ വകുപ്പു കോടതിക്ക് നൽകുന്ന അധികാരങ്ങൾ 8—ാം വകുപ്പു വഴിയോ അതിൻപ്രകാരമോ അധികാരപ്പെടുത്തിയിട്ടുള്ള കോടതികൾക്കു മാത്രം പ്രയോഗിക്കാവുന്നതാണ്.

(4) ഈ വകുപ്പുപ്രകാരം നടപടി എടുക്കാൻ അധികാരപ്പെടുത്തിയിട്ടില്ലാത്ത ഒരു കോടതി ചെറുപ്പക്കാരനായ ഏതെങ്കിലും കുററവാളിയെ കുററസ്ഥാപനം ചെയ്യുകയും അങ്ങനെയുള്ള കുററവാളിയെ സംബന്ധിച്ച് ഈ വകുപ്പ് നൽകുന്ന അധികാരങ്ങൾ പ്രയോഗിക്കേണ്ടതാണെന്ന് കോടതിക്ക് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നിടത്ത്, കോടതി അങ്ങനെയുള്ള അഭിപ്രായം രേഖപ്പെടുത്തുകയും ഏതു ജില്ലാ മജിസ്ട്രേട്ടിന്റെ കീഴിലാണോ ആ കോടതി പ്രവർത്തിക്കുന്നത് ആ ജില്ലാ മജിസ്ട്രേട്ടിന് നടപടിക്കുറിപ്പു സമർപ്പിക്കാവുന്നതും കുററവാളിയെ അയാളുടെ പക്കലേക്ക് അയയ്ക്കാവുന്നതും ആകുന്നു.

(5) ഏതു ജില്ലാ മജിസ്ട്രേട്ടിനാണോ അങ്ങനെയുള്ള നടപടിക്കുറിപ്പുകൾ സമർപ്പിക്കുന്നത് ആ ജില്ലാ മജിസ്ട്രേട്ടിന്, അതിൻമേൽ, കുററവാളിയെ ആദ്യം വിചാരണ ചെയ്തത് താൻ ആയിരുന്നുവെങ്കിൽ പ്രസ്താവിക്കുമായിരുന്നതുപോലെ വിധി പ്രസ്താവിക്കാവുന്നതും ഉത്തരവ് ഇടാവുന്നതും ആകുന്നു.

**ഒരു ദുർഗുണ പരിഹാരപാഠശാലയിൽ തടങ്കലിൽ താമസിപ്പിച്ചിരിക്കുന്ന ചെറുപ്പക്കാരനായ കുററവാളിയെ വീണ്ടും കുററസ്ഥാപനം ചെയ്യുകയും ശിക്ഷിക്കുകയും ചെയ്യുന്നിടത്ത് നടപടി.**

32. ചെറുപ്പക്കാരനായ ഒരു കുററവാളിയെ ദുർഗുണപരിഹാര പാഠശാലയിൽ തടങ്കലിൽ താമസിപ്പിച്ചിരിക്കുന്ന കാലത്ത് ഒരു ക്രിമിനൽ കോടതി വീണ്ടും അയാളെ കുററസ്ഥാപനം ചെയ്യുന്നപക്ഷം, 1882-ലെ (1882-ലെ 10) ക്രിമിനൽ നടപടി നിയമസംഹിത 397—ാം വകുപ്പിൽ ഇതിനുവിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, അങ്ങനെയുള്ള കോടതിയുടെ ശിക്ഷാവിധി ഉടൻ പ്രാബല്യത്തിൽ വരുന്നതും എന്നാൽ കോടതി ഉടൻതന്നെ സംസ്ഥാന സർക്കാരിന് ആ കാര്യം റിപ്പോർട്ടു ചെയ്യേണ്ടതും ഉചിതമെന്ന് തോന്നുന്ന ഏതു വിധത്തിലും ആ കാര്യം കൈകാര്യം ചെയ്യാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതും ആകുന്നു.